DEMAND VIII—JAILS.

Mr. C. P. Gopala Panickar : I beg to move for a grant of Rs. 2,52,774 under demand VIII – Jails.

The motion was put to and carried.

The Demand was passed and the grant was made.

DEMAND IX—POLICE.

Mr. S. Parthasarathi Aiyangar : Sir, I beg to move for a grant of rupees 16,77,371 under Demand IX – Police.

Mr. N. Narayana Kurup : സർ, പോലീസ് ഡിപ്പാർട്ടമെന്റിലേക്കാവശ്യപ്പെട്ടിരിക്കുന്ന ഫന്റ്, ഒന്നേമുക്കാൽ ലക്ഷം രൂപായും അനുവദിക്കുന്നതിൽ ആക്ഷേപമില്ല. എന്നാൽ വിദ്യാവിശാരദനായ ഇൻസ്പെക്ടർ ജനറൽ വന്നതിനുശേഷം ഈ ഡിപ്പാർട്ടമെന്റിൽ ഉദ്യോഗത്തിലിരിക്കുന്ന ഉന്നതവിദ്യാഭ്യാസം ലഭിച്ച ആളുകളെ അവഗണിച്ച് അതേ ബിരുദങ്ങളുള്ള പുതിയ ആളുകളെ വെളിയിൽനിന്നും പോലീസ് ഇൻസ്പെക്ടറന്മാരായി റിക്രൂട്ട ചെയ്യുന്നതിലുള്ള പ്രതിഷേധം സൂചിപ്പിക്കണമെന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. ഭാവിയിൽ ഇൻസ്പെക്ടരുദ്യോഗം ലഭിക്കുമെന്നുള്ള ആഗ്രഹത്തോടുകൂടി ഹെഡ്കാൺസ്റ്റബിൾമാരായും അർഡിനറി കാൺസ്റ്റബിൾമാരായും ഡിപ്പാർട്ടമെന്റിൽ പ്രവേശിച്ച ധാരാളം ബി. എ-ക്കാർ ഉണ്ട്. ബി. എ-ക്കാരല്ലതന്നെയും എട്ടുംപത്തും കൊല്ലം പരിചയം സിദ്ധിച്ച പലരും ഉണ്ട്. പലരും ഐ. ജി. ആഫീസിലും ഡി. എസ്. പി. ആഫീസുകളിലും മറ്റും ക്ലാർക്കന്മാരായി ജോലി നോക്കുന്നുണ്ട്. പോലീസ് ഇൻസ്പെക്ടറന്മാരായി നിയമിക്കപ്പെടുന്നവർ ആരായാലും രണ്ടുകൊല്ലം പ്രൊബേഷനറിയായി പ്രാക്ടീസ് ചെയ്തശേഷം സെലക്ടുചെയ്തിട്ടാണ അവരെ സ്റ്റേഷനിലേക്ക് അയക്കുന്നത്. ഏഴും എട്ടും കൊല്ലം ഡിപ്പാർട്ടമെന്റിലിരുന്ന പരിചയം സിദ്ധിച്ചിട്ടുള്ള ബി. എ-ക്കാരെ ഇൻസ്പെക്ടറന്മാരായി തെരഞ്ഞെടുത്ത രണ്ടുകൊല്ലം പരിശീലനം കൊടുത്ത് ഇന്നുദ്ദേശിച്ച രീതിയിൽ ഇൻസ്പെക്ടറന്മാരായി നിയമിക്കുന്നതിനു പകരം പുതിയപുതിയ ആളുകളെ റിക്രൂട്ടചെയ്യുന്നതു ഒരിക്കലും ശരിയല്ല. ഇപ്രകാരം ചെയ്യുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ പുതിയ ബിരുദധാരികളെ നിയമിക്കയും, വീണ്ടും ഈ നയമനുസരിച്ച ഇൻസ്പെക്ടറന്മാരെ നിയമിക്കയും ചെയ്യാവുന്നതാണ്. മേൽപറഞ്ഞവിധം വേണ്ട യോഗ്യതയും പരിചയവും സമ്പാദിച്ചിട്ടുള്ള പലരും ഡിപ്പാർട്ട

LIBRARY ARCHIVES Kerala Legislative Assembly